# വിശ്വാസപരിശീലന വർഷം 2026-2027

## ആപ്തവാക്യം: ‘ഞാൻ ഈശോയുടെ നിരീക്ഷണത്തിലാണ്’

## Theme: ' I am under the surveillance of Jesus'

**“കർത്താവു സ്വർഗത്തിൽനിന്നു താഴേക്കു നോക്കുന്നു; അവിടുന്ന് എല്ലാ മനുഷ്യരെയും കാണുന്നു” (സങ്കീ. 33:13)**

## ലോഗോയിലെ പ്രതീകങ്ങളുടെ വിശദീകരണം

ഡിജിറ്റൽ സാങ്കേതികവിദ്യയുടെ അതിപ്രസരം കുട്ടികളുടെ ആത്മീയവും മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് വെല്ലുവിളിയാകുന്ന ഈ കാലഘട്ടത്തിൽ, ഡിജിറ്റൽ ലോകത്ത് ക്രിസ്തുവിനൊപ്പം നടക്കാൻ എറണാകുളം-അങ്കമാലി അതിരൂപതാ വിശ്വാസപരിശീലന വിഭാഗം 2026-2027 അദ്ധ്യയന വർഷം Year of Digital Wellness ആയി ആചരിക്കുന്നു.

“കർത്താവു സ്വർഗത്തിൽനിന്നു താഴേക്കു നോക്കുന്നു; അവിടുന്ന് എല്ലാ മനുഷ്യരെയും കാണുന്നു” (സങ്കീ. 33:13) എന്ന വചനത്തിന്റെ വെളിച്ചത്തിൽ ‘ഞാൻ ഈശോയുടെ നിരീക്ഷണത്തിലാണ്’(I am under the surveillance of Jesus) എന്ന ആപ്തവാക്യമാണ് നാം തെരഞ്ഞെടുത്തിരുക്കുന്നത്. വിവരസാങ്കേതിക വിദ്യയുടെ അതിപ്രസരം നിറഞ്ഞ ലോകത്താണ് നാം ജീവിക്കുന്നതെങ്കിലും ഈശോയുടെ നിരീക്ഷണത്തിൽ നിന്നോ ദൃഷ്ടിയിൽ നിന്നോ നാം അകലെയല്ല എന്നാണ് ഈ ആപ്തവാക്യം അർത്ഥമാക്കുന്നത്.

ഈ ലോഗോയിൽ ഈശോ ലോകത്തിന്റേയും കുട്ടികളുടേയുംമേൽ കൈകൾ വിരിച്ച് നിൽക്കുന്നു. കുട്ടികൾക്ക് ചുറ്റുമായി സോഷ്യൽ മീഡിയ ആപ്പുകളുടെ ചിഹ്നങ്ങൾ പരസ്പരം നീല വരകളാൽ ബന്ധിപ്പിച്ചിരിക്കുന്നു. എന്നാൽ ഈശോയുടെ കൈകൾ ഈ ഡിജിറ്റൽ ശൃംഖലയ്ക്ക് മുകളിലാണ്. നമ്മൾ ജീവിക്കുന്ന ഈ ഡിജിറ്റൽ ലോകത്തേക്കാളും സോഷ്യൽ മീഡിയയേക്കാളും വലുതാണ് ദൈവത്തിന്റെ സ്നേഹവും സംരക്ഷണവും. നമ്മുടെ ഡിജിറ്റൽ ജീവിതത്തിലും അവിടുത്തെ സാന്നിധ്യമുണ്ട്. ഈശോ നമ്മെ എപ്പോഴും സ്നേഹത്തോടെ നോക്കിക്കൊണ്ടിരിക്കുന്നു.

കുട്ടികളുടെ പഠനോപകരണങ്ങൾ ഇരിക്കുന്നത് തുറന്നുവെച്ച വിശുദ്ധ ഗ്രന്ഥത്തിന്മേലാണ്. സാങ്കേതികവിദ്യ എത്ര വളർന്നാലും നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനം ദൈവവചനം ആയിരിക്കണമെന്ന് ഇത് സൂചിപ്പിക്കുന്നു.

ഈ ഡിജിറ്റൽ യുഗത്തിൽ നമ്മുടെ കുട്ടികൾ ഗാഡ്ജെറ്റുകളെ വിവേകത്തോടെ കൈകാര്യം ചെയ്ത്, ശ്രദ്ധയോടെ പഠിച്ച്, പ്രാർത്ഥനയിൽ വിശുദ്ധിയോടെ ജീവിക്കാൻ ഈ ലോഗോ പ്രചോദനമാകട്ടെ.